**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 513

19.03.2013-ലെ മറുപടിയ്ക്ക്

## ശീതീകരിച്ച ഗോഡൗണുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | ശ്രീ. എം.എ.വാഹീദ്<br>,, കെ.ശിവദാസൻ നായർ<br>,, കെ.മുരളീധരൻ<br>,, പി.എ.മാധവൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കൺസ്യൂമർ ഫെഡിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും, എറണാകുളത്ത് പൂക്കാട്ട് പടിയിലും, കണ്ണൂർ ജില്ലയിലെ മാത്തിലും ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ പ്രവർത്തന രീതിയും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കർഷകർക്ക് ചുരുങ്ങിയ ചെലവിൽ അവരുടെ ഉൽപ്പന്നങ്ങൾ സീസൺ കഴിയുന്നതുവരെ സൂക്ഷിക്കുന്നതിന് ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. മുളക്, ഉള്ളി തുടങ്ങി എളുപ്പം കേടു വരുന്ന സാധനങ്ങളും പച്ചക്കറികളും, അന്യസംസ്ഥാനങ്ങളിലെ ഗോഡൗണുകളിൽ ഉയർന്ന |

| | | | |
|---|---|---|---|
| | | | നിരക്കിലുള്ള വാടക നൽകി സൂക്ഷിക്കുന്നതു മൂലമുണ്ടാകുന്ന പാഴ്ചെലവ് ഇല്ലാതാക്കാൻ സാധിക്കുന്നു. |
| (സി) | ഇതിന്റെ പ്രവർത്തനത്തിനുള്ള മൂലധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ഇതിന്റെ പ്രവർത്തനത്തിനുള്ള സാമ്പത്തിക സഹായത്തിനായി കൺസ്യൂമർ ഫെഡറേഷൻ നബാർഡുമായി ചർച്ചകൾ നടത്തി വരുന്നു. ഇതിനു പുറമേ കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നും ഇതിനാവശ്യമായ തുക ചെലവഴിക്കുന്നതാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇത് സംബന്ധമായ കൺസൾട്ടൻസി വർക്ക് നടത്തുന്നതിന് സർക്കാർ സ്ഥാപനമായ 'കിറ്റ്കോ' യിൽ നിന്നും കരട് പ്രോജക്ട് റിപ്പോർട്ട് ഫെഡറേഷന് ലഭിക്കുകയും, മണ്ണ് അനുയോജ്യത പരിശോധന(soil suitability test) നടത്തുന്നതിനുള്ള നടപടികൾ ഉൾപ്പെടെ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ